(എഫ്) അന്യസംസ്ഥാനങ്ങളിൽ നിന്ന് പാൽ സംഭരിക്കുന്നതുമൂലം ഇപ്പോൾ നഷ്ടം ഉണ്ടാകുന്നില്ല. പാലിന്റെ അധിക ലഭ്യതയും കുറവും പരിഹരിക്കുന്നതിനുള്ള അവകാശം കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനിൽ നിക്ഷിപ്തമായതുകൊണ്ട് അതിലൂടെ ഉണ്ടാകുന്ന ലാഭവും നഷ്ടവും മറ്റൊരു ഏജൻസിയിൽ നിന്നുള്ള ധനസഹായം കൊണ്ട് പരിഹരിക്കാവുന്നതല്ല.

(ജി) ഇല്ല.

പാലിൽ മായം കണ്ടുപിടിക്കാൻ നടപടി

102 [1111] ശ്രീ. അടൂർ പ്രകാശ്:
,, എൻ. ശക്തൻ:
,, ഇ. എം. അഗസ്തി:
,, ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ കച്ചവടക്കാർക്ക് ലൈസൻസ് ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ബി) ലൈസൻസ് ഏർപ്പെടുത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം;

(സി) പാലിലെ മായം കണ്ടുപിടിക്കുന്നതിനുള്ള എത്ര പരിശോധനാ കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ട്;

(ഡി) ഓരോ ബ്ലോക്കിലും ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുദ്ദേശമുണ്ടോ;

(ഇ) ഈ കേന്ദ്രങ്ങളിൽ മിൽകോ സ്കാൻ സ്ഥാപിക്കുന്നുണ്ടോ;

(എഫ്) ഒരു മിൽകോ സ്കാനിന് എന്ത് വില വരും;

(ജി) ഈ ഉപകരണത്തിന് പാലിലെ മായം കണ്ടെത്തുന്നതിനുള്ള കഴിവുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉപഭോക്താക്കളുടെയും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷീര കർഷകരുടേയും താൽപ്പര്യം സംരക്ഷിക്കപ്പെടും.

(സി) ആരോഗ്യവകുപ്പിന്റെ കീഴിലുള്ള പരിശോധനാ കേന്ദ്രങ്ങൾക്ക് പുറമേ ക്ഷീര വികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന 14 ഗുണനിയന്ത്രണ ലബോറട്ടറികളിലും, ആലത്തൂർ ഡയറി ട്രെയിനിംഗ് സെന്ററിലും ഈ സംവിധാനം നിലവിലുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല. ആലത്തൂർ ഡയറി ട്രെയിനിംഗ് സെന്ററിൽ മാത്രം മിൽകോ സ്കാൻ ഉണ്ട്.

LIBRARY, ARCHIVES Kerala Legislative Assembly

(എഫ്) 23.5 ലക്ഷം രൂപ വിലവരും.

(ജി, എച്ച്) ഇല്ല. പാലിലെ വിവിധ ഘടകങ്ങളുടെ തോത് കണ്ടുപിടിക്കുന്നതിനാണ് ഇത് ഉപയോഗിക്കുന്നത്.

മിൽമ വിവിധ സംസ്ഥാനങ്ങളിൽനിന്നും സംഭരിക്കുന്ന പാലിന്റെ അളവ്

103 [1112] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിൽമ വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാൽ എന്തു വില നൽകി വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ തമിഴ്നാട്ടിലേയും കർണ്ണാടകത്തിലേയും ഏതെല്ലാം സ്ഥലങ്ങളിൽ നിന്നും എന്തുവിലയ്ക്ക് ഇപ്പോൾ പാൽ വാങ്ങുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2003 വർഷം ഓരോ ദിവസവും മിൽമ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്ര പാൽ വാങ്ങിയെന്നതിന്റെ വിശദാംശം അടങ്ങിയ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ;

(ഡി) സംഭരണം, വിതരണം എന്നിവയിൽ മിൽമയുടെ നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡുമായി മിൽമ രൂപീകരിച്ച കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത കരാർ പ്രകാരം മിൽമ നടത്തിയ പ്രവർത്തനങ്ങൾ മിൽമയ്ക്ക് ലാഭകരമാണോ; അതോ നഷ്ടമാണോ; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) മിൽമ കർണ്ണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാന ക്ഷീര ഫെഡറേഷനുകളിൽ നിന്നും പാൽ വാങ്ങുന്നുണ്ട്. കർണ്ണാടക ഫെഡറേഷന് 10 രൂപ 25 പൈസയും തമിഴ്നാട് ഫെഡറേഷന് 9 രൂപ 60 പൈസ ക്രമത്തിലും ഒരു കിലോ പാലിന് നൽകുന്നുണ്ട്. 2003 വർഷത്തിൽ മിൽമ കർണ്ണാടക, തമിഴ്നാട് എന്നീ അയൽ സംസ്ഥാന ഫെഡറേഷനുകളിൽനിന്നും 4,59,19,519 ലിറ്റർ പാൽ വാങ്ങിയിട്ടുണ്ട്. ഇതുകൂടാതെ വിവിധ ഡയറികളിൽ നിന്നുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ്ജും മിൽമ വഹിക്കുന്നു.

(ബി) തമിഴ്നാട്ടിലെ തിരുനെൽവേലി, കോയമ്പത്തൂർ, തൃശ്ശിനാപ്പള്ളി, ഈറോഡ് എന്നീ സ്ഥലങ്ങളിൽ നിന്നും ഒരുകിലോയ്ക്ക് 9 രൂപ 60 പൈസയ്ക്കും, കർണ്ണാടകയിൽ മൈസൂർ, മാൻഡ്യ, ഹസ്സൻ, തുങ്കൂർ, ഷിമോഗ, ബാംഗ്ളൂർ എന്നീ സ്ഥലങ്ങളിൽ നിന്നും ഒരു കിലോയ്ക്ക് 10 രൂപ 25 പൈസയ്ക്കുമാണ് മിൽമ പാൽ വാങ്ങുന്നത്.

(സി) വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമല്ല. എന്നാൽ 2003 വർഷത്തിൽ മിൽമ ശരാശരി പ്രതിദിന കണക്കനുസരിച്ച് 1,25,807 ലിറ്റർ പാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly